## 1218

അതിരാവിലെ തിരുസന്നിധി അണയുന്നൊരു സമയേ
അതിയായ് നിന്നെ സ്തുതിപ്പാൻ കൃപയരുൾക-യേശുപരനേ!

1 രജനീയതിലടിയാനെ നീ സുഖമായ് കാത്ത കൃപയ്ക്കായ്
ഭജനീയ! നിൻതിരുനാമത്തിന്നനന്തം സ്തുതിമഹത്ത്വം-

2 എവിടെല്ലാമീ നിശയിൽ മൃതി നടന്നിട്ടുണ്ട് പരനേ!
അതിൽ നിന്നെ പരിപാലിച്ച കൃപയ്ക്കായ് സ്തുതി നിനക്കേ-

3 നെടുവീർപ്പിട്ടു കരഞ്ഞിടുന്നു പല മർത്യരീ സമയേ
അടിയന്നുള്ളിൽ കുതുകം തന്ന കൃപയ്ക്കായ് സ്തുതി-നിനക്കേ-

4 കിടക്കയിൽ വച്ചരിയാം സാത്താനടുക്കാതിരിപ്പതിന്നെൻ
അടുക്കൽ ദൂതഗണത്തെ കാവലണച്ച കൃപയനൽപ്പം-

5 ഉറക്കത്തിനു സുഖവും തന്നെൻ അരികേ നിന്നു കൃപയാൽ
ഉറങ്ങാതെന്നെ ബലമായ് കാത്ത തിരുമേനിക്കു മഹത്ത്വം-

6 അരുണൻ ഉദിച്ചുയർന്നിക്ഷിതി ദ്യുതിയാൽ വിളങ്ങിടുംപോൽ
പരനേയെന്റെയകമേ വെളിവരുൾക തിരുകൃപയാൽ- **P.M.K.**